# Malayala Manorama

# 28 August 2018

# Idukki, Cheruthoni, Landslide

## ഇടുക്കിയിൽ ഉരുൾപൊട്ടൽ 278

ചെറുതോണി ● കാലവർഷത്തിൽ ഇടുക്കി ജില്ലയിൽ 278 സ്ഥലത്ത് ഉരുൾപൊട്ടലും 1800 സ്ഥലങ്ങളിൽ മണ്ണിടിച്ചിലും ഉണ്ടായി. കാലവർഷക്കെടുതി സംബന്ധിച്ച് കലക്ടറേറ്റിൽ നടന്ന അവലോകന യോഗത്തിൽ കലക്ടർ കെ. ജീവൻ ബാബു അവതരിപ്പിച്ച റിപ്പോർട്ടിലാണ് ഇക്കാര്യം.

19 ഉരുൾപൊട്ടലിലായി 46 പേർ ഉൾപ്പെടെ ജില്ലയിൽ കാലവർഷക്കെടുതിയിൽ 56 പേരാണ് മരിച്ചത്.

ഏഴുപേരെ കാണാതായിട്ടുണ്ട്. 56 പേർക്ക് പരുക്കേറ്റു. 1200 വീടുകൾ പൂർണമായും നശിച്ചു. ഭാഗികമായി നാശനഷ്ടം സംഭവിച്ചത് 2266 വീടുകൾക്കാണ്.